(സി) അടുത്ത ഓണക്കാലത്തെ പച്ചക്കറി ഇനങ്ങളുടെ ആവശ്യം മുൻനിർത്തി അവ കേടുവരാതെ സൂക്ഷിക്കുന്നതിനായി ശീതീകരിച്ച സംഭരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ മേഖലകളിലാണ് ശീതീകരിച്ച സംഭരണശാലകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സംഭരണശാലകളുടെ സംഭരണശേഷി എത്രവീതമെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്

(ബി) ഉണ്ട്. കേരളാ സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഇപ്പോൾ നടത്തിവരുന്ന സ്റ്റാളുകൾക്കു പുറമേ തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നേരിട്ട് പച്ചക്കറി സൂപ്പർമാർക്കറ്റുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ സൂപ്പർ മാർക്കറ്റ് ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലെ സൂപ്പർ മാർക്കറ്റുകൾ ജൂലൈ ആദ്യവാരത്തോടെയും കണ്ണൂർ ജില്ലയിലെ സൂപ്പർ മാർക്കറ്റ് ജൂലായ് അവസാനത്തോടെയും പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഇടുക്കി ജില്ലയിലെ മൂന്നാറിലും പാലക്കാട് ജില്ലയിലെ എരുത്തിയാമ്പതിയിലും രണ്ട് ശീതീകരണ സംഭരണശാലകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഇ) മൂന്നാറിലെ സംഭരണശാലയ്ക്ക് 200 മെട്രിക് ടണ്ണും എരുത്തിയാംപതിയിലെ സംഭരണശാലയ്ക്ക് 250 മെട്രിക് ടണ്ണും സംഭരണശേഷിയുണ്ട്.

ആനവേട്ടയും ദന്തശിൽപ്പവ്യവസായവും

8 (*218)ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആനക്കൊമ്പുകൊണ്ടുള്ള ഉപകരണങ്ങളുടേയും ശില്പങ്ങളുടെയും ഉപയോഗം നിയമംമൂലം നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു നിയമപ്രകാരമാണ് നിരോധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ദക്ഷിണേന്ത്യയിലെ ആനക്കൊമ്പ് വ്യാപാരത്തിന്റെ 70 ശതമാനവും തിരുവനന്തപുരം കേന്ദ്രമാക്കിയാണ് നടന്നുവരുന്നതെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആസൂത്രിതമായി നടന്നുവരുന്ന ഈ ആനക്കൊമ്പ് വ്യാപാരം ഫലപ്രദമായി തടയുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷണനടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരള-തമിഴ്നാട് അതിർത്തിയിലെ വനം കേന്ദ്രീകരിച്ച് ഏതാനും മാസം മുമ്പ് നടന്ന ആനവേട്ട സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാന അതിർത്തിയിലെ വനങ്ങളിൽ നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട ആനവേട്ടയുമായി തലസ്ഥാനം കേന്ദ്രീകരിച്ചു നടക്കുന്ന ദന്തശില്പവിപണിക്ക് ബന്ധമുണ്ടെന്ന് തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാന അതിർത്തിയിലെ വനപ്രദേശത്ത് നടന്നുവരുന്ന ആനവേട്ടയും ദന്തവ്യാപാരവും ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) 1972-ലെ വന്യജീവി (സംരക്ഷണ) നിയമം വകുപ്പ് 49 (ബി) പ്രകാരം.

(സി) ഇല്ല. ആനക്കൊമ്പിന്റെ രഹസ്യ വിപണനകേന്ദ്രങ്ങളിൽ തിരുവനന്തപുരം ഉൾപ്പെടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആനക്കൊമ്പിന്റെ വ്യാപാരം പൊതുവിപണിയിൽ അല്ല നടക്കുന്നത്. കരിഞ്ചന്തയിൽ നടക്കുന്ന വ്യാപാരത്തെക്കുറിച്ച് രഹസ്യവിവരം ശേഖരിച്ച് റെയിഡുകൾ നടത്തി ആനക്കൊമ്പും മറ്റ് തൊണ്ടി സാധനങ്ങളും കസ്റ്റഡിയിലെ എടുത്ത് പ്രതികളുടെ മേൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനങ്ങളിൽ ആനവേട്ട തടയുന്നതിനുള്ള സംവിധാനം ഫലപ്രദമാക്കുന്നതോടൊപ്പം ആനക്കൊമ്പിന്റെ കരിഞ്ചന്തയിലെ വ്യാപാരം തടയുന്നതിനുവേണ്ട സ്റ്റോക്ക് പരിശോധന, റെയിഡുകൾ എന്നീ നിയമനടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. സംസ്ഥാന അതിർത്തിപ്രദേശമായ കളക്കാട്, മുണ്ടൻതുറൈ ടൈഗർ റിസർവ്വിലേയും കന്യാകുമാരി, തിരുനെൽവേലി ഡിവിഷനുകളിലെ ഉദ്യോഗസ്ഥന്മാരും തിരുവനന്തപുരം വന്യജീവി ഡിവിഷനിലെ ഉദ്യോഗസ്ഥന്മാരും സംയുക്ത റിസർവ്വ് പരിശോധന നടത്തുകയും തമിഴ്നാട് അതിർത്തിയിൽപ്പെട്ട പാണ്ടിമൊട്ട, അടുപ്പുകൽ മൊട്ട എന്നീ സ്ഥലങ്ങളിൽ നടന്ന ആനവേട്ട കേസ്സുകളിലെ തോക്കും ആനക്കൊമ്പും കണ്ടെടുക്കുകയും പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരള - തമിഴ്നാട് വനം വകുപ്പുദ്യോഗസ്ഥന്മാർ സംയുക്തമായുള്ള കേസ്സന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(എഫ്) പേപ്പാറ വന്യജീവി സങ്കേതത്തിൽ രണ്ട് ആനകളെ കൊന്ന് കൊമ്പുകൾ നീക്കം ചെയ്തതിന് ഒ.ആർ. 5/99 -ആയി കേസ്സ് രജിസ്റ്റർ ചെയ്തിരുന്നു. അന്വേഷണത്തിൽ കേസ്സിനാസ്പദമായ ആനക്കൊമ്പ് തിരുവനന്തപുരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ആൾക്കാരാണ് വാങ്ങിയതെന്ന് അറിവ് കിട്ടിയതനുസരിച്ച് ഈ പ്രദേശത്ത് വിവിധ സ്ഥലങ്ങളിൽ ഒരേ സമയം ഇക്കഴിഞ്ഞ മാർച്ചുമാസം 15-ാം തീയതി റെയിഡുനടത്തുകയും അനധികൃതമായി സൂക്ഷിച്ചിരുന്നതും രഹസ്യവിപണിയിൽ ഉദ്ദേശം 1,65,000/- രൂപ വിലവരുന്നതുമായ ആനക്കൊമ്പ് കഷണങ്ങളും ദാരുശില്പങ്ങളും പിടിച്ചെടുക്കുകയുമുണ്ടായി. പ്രതികളെ അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒ.ആർ 2/2000, ഒ.ആർ. 3/2000 എന്നീ രണ്ടു കേസ്സുകളും പേപ്പാറ റെയിഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ജി) ആനവേട്ട തടയുന്നതിനുവേണ്ട ഫീൽഡ് പരിശോധന ഊർജ്ജിതപ്പെടുത്തുകയും ആനക്കൊമ്പിന്റെ രഹസ്യവിപണിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുകയും റെയ്ഡുകൾ നടത്തുകയും കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഭക്ഷ്യസംസ്കരണ മേഖലയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തുവാൻ കൃഷിവകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ

9 (*219)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസംസ്കരണ മേഖലയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൃഷി വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉദ്ദേശത്തോടെ കൃഷിവകുപ്പിൽ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ജൈവ പ്രക്രിയയിൽ പഴം-പച്ചക്കറി ഇനങ്ങൾ ഉണക്കിപ്പൊടിച്ചു വിപണനം നടത്തുന്ന സംഘങ്ങൾ സംസ്ഥാനത്തു പ്രവർത്തിച്ചുവരുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്നു വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം കൂടുതൽ സംഘങ്ങൾ ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് വനിതകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത സംസ്കരണ യൂണിറ്റുകൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് ഭക്ഷ്യസംസ്ക്കരണ മേഖലയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വനിതാ വികസന പദ്ധതിയിൽപ്പെടുത്തി 5-10 സ്ത്രീകളടങ്ങുന്ന ഒരു സംഘം രൂപീകരിച്ച് ഭക്ഷ്യ സംസ്കരണ യൂണിറ്റ് പ്രവർത്തിപ്പിക്കുവാനുള്ള പദ്ധതി നിലവിലുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഭക്ഷ്യസംസ്കരണത്തിന് കർഷക വനിതകൾക്ക് പരിശീലനവും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly